പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5854 28.03.2018-ൽ മറുപടിക്ക്

## ട്രോമാ കെയർ യൂണിറ്റും ഓങ്കോളജി വകുപ്പും ആരംഭിക്കുന്നതിന് നടപടി

**ചോദ്യം**

**ശ്രീ.ആർ.രാജേഷ്**

**മറുപടി**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റും ഓങ്കോളജി വകുപ്പും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) & (ബി) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള ജില്ലാ കാൻസർ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ജില്ലാ കാൻസർ കെയർ സെന്ററും, പാലിയേറ്റീവ് കീമോതെറാപ്പി യൂണിറ്റും സജ്ജീകരിച്ചിട്ടുണ്ട്. ഇതിനായി പത്ത് ലക്ഷം രൂപ ചിലവിട്ട് ഭൗതിക സാഹചര്യം ഒരുക്കുകയും, ഒരു മെഡിക്കൽ ഓഫീസർക്ക് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ വച്ച് പരിശീലനം നൽകി വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ ഇവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; | | |
| (സി) | ഇവിടെ ഡീ അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (സി) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡീ അഡിക്ഷൻ സെന്റർ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ വിമുക്തി മിഷനിലേയ്ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ